


നാരിചേതന പരിപാടി സാഹിത്യകാരി ചന്ദ്രമതി ഉദ്ഘാടനം ചെയ്യുന്നു

# എഴുത്ത് അനുഭവങ്ങൾ പങ്കുവെച്ച് സാഹിത്യകാരികൾ

രചനാനുഭവങ്ങൾ പങ്കുവെച്ച് എഴുത്തുകാരികൾ ഒത്തുകൂടിയത് അനുവാചകർക്ക് വേറിട്ട അനുഭവമായി. കേന്ദ്രസാഹിത്യ അക്കാദമിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'നാരി ചേതന' പരിപാടിയിൽ സംസാരിക്കുകയായിരുന്നു അവർ.

സാഹിത്യകാരി പ്രൊഫ. ചന്ദ്രമതി ഉദ്ഘാടനം ചെയ്തു. ഡോ. ഐറിസ് കൊയ്‌ലോ, എസ്. സരോജം, സുധ കടമ്പാട്ട്, നൂർജി ഫസൽ, ബി .ഇന്ദിര എന്നീ എഴുത്തുകാരികൾ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ചു.

കേന്ദ്രസാഹിത്യ അക്കാദമി ഉപദേശക സമിതി അംഗം ഡോ. കായംകുളം യൂനുസ് അധ്യക്ഷനായി. അക്കാദമി അംഗങ്ങളായ ഡോ. അജയപുരം ജ്യോതിഷ്കുമാർ, എൽ.വി.ഹരികുമാർ, പഴവിള ശശി എന്നിവർ സംസാരിച്ചു.